(iii) Increasing assault cases of Depressed classes.

മിസ്റ്റർ കെ. കെ. കണ്ണൻ: ഞാൻ അവതരിപ്പിക്കുന്ന കട്ട്മോഷൻ ഇതാണ്. To reduce the allotment of Rs. 16,73,466 for Police in Demand No. 22 by Re. 1 (To urge upon Government the necessity of adopting more effective measures to prevent and deal with the increasing assault cases of Depressed Classes).

സർ, കൂടുതൽ സംഭവങ്ങൾ ഇവിടെ വിവരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഇന്നിന്റെ മുമ്പിലത്തെ കട്ട്മോഷനെ സംബന്ധിച്ചു മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ചീഫ് സിക്രട്ടറി അവർകൾ ചേർപ്പ് പോലീസ്സ് സ്റ്റേഷനെ സംബന്ധിച്ചുമാത്രമല്ലേ ഇങ്ങിനെയുള്ള ആക്ഷേപമുള്ളൂ; അതുകൊണ്ടു ഇതു് വിശ്വസിയ്ക്കാൻ നിവർത്തിയില്ലായെന്നു പറയുകയുണ്ടായി. അങ്ങിനെയല്ല. ഇരിങ്ങാലക്കുടയിലും കൊടുങ്ങല്ലൂരിലും മറ്റു പല പോലീസ്സ് സ്റ്റേഷനുകളിലും അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചു കേസുകൾ വന്നുകഴിഞ്ഞാൽ തക്ക നടപടിയെടുക്കുന്നില്ലായെന്നുള്ളതാണു് വാസ്തവം. നേരെമറിച്ചു, അധഃകൃതക്കെതിരായിട്ടുള്ള കേസുവരുന്നതായാൽ ഉടനെ പോലീസ്സ് അവരുടെ സർവ്വകഴിവുകളും ഉപയോഗിച്ചു അധഃകൃതരെ ബുദ്ധിമുട്ടിക്കുന്നുണ്ടു്. കൊടുങ്ങല്ലൂർ പോലീസ്സ് സ്റ്റേഷനിൽ ഏതോ അധഃകൃതൻ വലിയ ഒരാവലാതികൊണ്ടുചെന്നിട്ടു് എടുത്തില്ല. നേരെ മറിച്ചു അയാൾക്കെതിരായി എതുകക്ഷികൾ കൊണ്ടുവന്ന ആവലാതിക്കു് ഉടനെ ഊർജ്ജിതമായ നടപടിയെടുക്കുകയാണു ചെയ്തതു്. ഇതു് വളരെ കഷ്ടമാണു്. വാസ്തവം പറഞ്ഞാൽ അധഃകൃതർ ഒരു പരിവർത്തന ഘട്ടത്തിൽ എത്തിയിരിക്കുകയാണെന്ന സംഗതി വിസ്മരിക്കുവാൻ പാടില്ല. അധഃകൃതർ അവരുടെ യഥാർത്ഥമായസ്വാതന്ത്ര്യത്തിനു വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അവർ അതിനുവേണ്ടിനിലകൊള്ളുന്നു. ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു അധഃകൃതരെ വിദ്യാഭ്യാസസംബന്ധമായും മറ്റും സഹായിച്ചതുകൊണ്ടു് അവർക്കു കുറച്ചൊരഭിമാനമുണ്ടായിട്ടുണ്ടു്. അവരും മനുഷ്യരാണെന്നു അഭിമാനിയ്ക്കാൻ തുടങ്ങി. അതിന്റെ ഫലമായി അവരുടെ അടിമതമെന്താണെന്നു അവർ മനസ്സിലാക്കിത്തുടങ്ങി. അവരുടെ അവശതകളും മനസ്സിലാക്കി ആ അവശതകൾക്കു കാരണമായ അടിമതം ഇല്ലായ്മ ചെയ്യാൻ അവർ സംഘടിതരായി മുന്നോട്ടു വന്നപ്പോൾ അവരെ അടിച്ചമർത്തി കാൽക്കീഴിൽ വയ്ക്കുന്നതിനു ചില തല്പരകക്ഷികൾ കാട്ടിക്കൂട്ടുന്ന വിക്രിയകളാണു് ഇതു് എന്നു ഞാൻ വിശ്വസിക്കുന്നു. ഇങ്ങിനെ പുരുഷനും പുരുഷനും തമ്മിലുള്ള ഒരു ഏറ്റുമുട്ടലാണു് അധഃകൃതമർദ്ദനത്തിന്റെ അടിയിലുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. അധഃകൃതൻ പുരോഗമനത്തിനു വേണ്ടി മുന്നോട്ടു വരുന്നകാലമാണിതു്. അവർ അവരുടെ സ്വാതന്ത്ര്യത്തിനു വേണ്ടി സമരം ചെയ്തുകൊണ്ടിരിക്കുന്നകാലമാണിതു്. ഈ കാലഘട്ടത്തിൽ അവരെ അടിച്ചമർത്തുവാൻ ചില തല്പരകക്ഷികൾ അണിനിരന്നിട്ടുണ്ടു് എന്നുള്ള പരമാർത്ഥം ഗവൺമെണ്ടു വിസ്മരിച്ചുപോയി എന്നു തോന്നുന്നു. അതുകൊണ്ടാണു് ഞാൻ പറയുന്നതു് ഗവൺമെണ്ടിന്റെ സഹായസഹകരണം ഞങ്ങൾക്കാവശ്യമാണെന്നു്. അധഃകൃതർക്കു് അഭിമാനം മാത്രമല്ലാതെ വേറെയാതൊരു കഴിവുമില്ല. അവരും മനുഷ്യരാണു്, അവർക്കും ഈ രാജ്യത്തിൽ ജീവിക്കാൻ സ്വാതന്ത്ര്യമുണ്ടു് എന്നു അവർ പരിപൂർണ്ണമായി വിശ്വസിക്കുന്നു. അതിനുവേണ്ടി അവർ പ്രവർത്തിക്കുന്നു. അങ്ങിനെയുള്ള ഘട്ടത്തിലാണു് അവർ അനേകം മർദ്ദനങ്ങളും അനുഭവിക്കേണ്ടിവരുന്നതു്. ഈ പശ്ചാത്തലത്തിൽകൂടി നോക്കുമ്പോൾ ഇന്നു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും അധഃകൃതമർദ്ദനങ്ങൾ നടക്കുന്നുണ്ടു് എന്നു കാണുന്നതിൽ എനിക്കു വലിയ ആശ്ചര്യമില്ല. എന്നാൽ അധഃകൃതർ ഇന്നു പറയത്തക്കനിലയിൽ മുമ്പോട്ടുവന്നു കഴിഞ്ഞിട്ടില്ലായെന്നുള്ളതു് ഒരു സത്യാവസ്ഥ മാത്രമാണു്. അതായതു അവരിൽ സ്വന്തമായി കിടക്കുവാൻ സ്ഥലമില്ലാത്തവരാണു് അധികംപേരും. അവരിൽ അധികം പേർക്കും വേണ്ടത്ര വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ല. അവരിൽ അധികം പേരും അജ്ഞാനത്തിന്റെയും അന്ധവിശ്വാസത്തിന്റെയും കലവറയാണു്. അങ്ങിനെ അജ്ഞതയിലും അന്ധവിശ്വാസത്തിലും കിടന്നു വിദ്യാഭ്യാസത്തിന്റെ വെളിച്ചവും വേണ്ടത്ര കിട്ടാതെ വളർന്നുവരുന്നതിനുള്ള സാഹചര്യങ്ങളും കിട്ടാതിരിക്കുന്ന കാലഘട്ടമാണിതു്. ഇതു് ഗവൺമെണ്ടു ശരിയായ വെളിച്ചത്തിൽകൂടി കണ്ടറിയണം. ഇന്നു ഒരു അധഃകൃതനെ പണിക്കു വിളിച്ചാൽ സുഖമില്ലെന്നു പറയുകയാണെങ്കിൽ ഒരുപക്ഷെ ആ കാരണംകൊണ്ടു് അവർ അടികൊള്ളേണ്ടിവരുന്നു. ഇന്നുവരെ മുതലാളി കൊടുക്കുന്ന കൂലി വാങ്ങി അവൻ സംതൃപ്തിപ്പെട്ടിരുന്നു. എന്നാൽ ഇന്നവൻ കൂലി പോരിക്കുമ്പോൾ അവനെ പിടിച്ചു തല്ലുന്നു. ഇങ്ങിനെയും അധഃകൃതർ മർദ്ദനം അനുഭവിക്കേണ്ടി വരുന്നുണ്ടു്. ഈ മാതിരിയുള്ള കാരണങ്ങളും വച്ചുകൊണ്ടു കടിയിറക്കുക, പുരപൊളിച്ചു കളയുക മുതലായ എതുയെത്ര സംഭവങ്ങളാണു് കൊച്ചി രാജ്യത്തിൽ ഉണ്ടായിട്ടുള്ളതു്! അവരുടെ അവശതകളും മനസ്സി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കി മുമ്പോട്ട വന്നിട്ടുള്ളതുകൊണ്ടാണ് ഈ മാതിരി ഭൂഗീയമർദ്ദനങ്ങൾ അവരുടെ നേ ക്ക നടക്കുന്നത്. മുമ്പും അധഃകൃതർ മർദ്ദനങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പക്ഷെ, അതു പുറത്തുവരാറില്ല. കാരണം അന്നു അധഃകൃതരിൽ വിദ്യാഭ്യാസം ഉള്ളവർ ഉണ്ടായി രുന്നില്ല. അന്നു അവരുടെ ആത്മാഭിമാനം മരവിച്ചു കിടക്കുകയായിരുന്നു. യാതൊരുതര ത്തിലും അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യം അവക്കുണ്ടായിരുന്നില്ല. അതുകൊണ്ടാ ണ് അധഃകൃതർ ഇതിനു മുമ്പ് അനുഭവിച്ചിരുന്ന അസമത്വങ്ങളും, മർദ്ദനങ്ങളും പൊതുജ നങ്ങൾ അറിയാതിരുന്നതു്. എന്നാൽ ഇന്നു അങ്ങിനെയല്ല. കാലം മാറിയതോടുകൂടി അധഃകൃതർ അവരുടെ ശരിയായ നില മനസ്സിലാക്കാൻ തുടങ്ങി. അതുകൊണ്ടാണ് അ ധഃകൃതരെ മറ്റു സമുദായങ്ങളിൽപ്പെട്ടവർ ഉപദ്രവിക്കാൻ നില്ക്കുന്നത് എന്നാണ് എന്റെ വിശ്വാസം. അധഃകൃതോദ്ധാരണത്തിൽ താല്പര്യമുള്ള വമ്പിച്ചൊരു ജനവിഭാഗം കൊച്ചീ രാജ്യത്തുണ്ടെന്നു എനിക്കറിയാം. അങ്ങിനെയുള്ളവരല്ല ഇവരെ ഉപദ്രവിക്കാൻ മുതിരു ന്നതു്. വെറും സ്ഥാപിത താല്പര്യക്കാർ ഒരുപക്ഷെ, പണക്കാരായിരിക്കാം. ഒരുപക്ഷെ, ജാതി യുടെ പേരിൽ നില്ക്കുന്നവരായിരിക്കും ഇങ്ങിനെ ചെയ്യുന്നതു്. അങ്ങിനെയുള്ള ആളുകൾ അധഃകൃതരുടെ പുരോഗതിയിൽ അസൂയകൊള്ളുന്നുണ്ടെങ്കിൽ എനിയ്ക്കതിൽ അത്ഭുതമില്ല. ഇതുവരെയുള്ള അവസരത്തിൽ ഗവണ്മെണ്ടിന്റെ സഹായം കൂടാതെ അധഃകൃതക്ക് സ്വന്തംകാലിൽ നില്ക്കാ നുള്ളശക്തി ഇനിയും വന്നിട്ടില്ലെന്നു മനസ്സിലാക്കിക്കൊണ്ടു ഗവണ്മെന്റു ആത്മാർത്ഥമായി, അവരുടെ മേൽ കോരിച്ചൊരിയുന്ന അക്രമങ്ങൾക്കു നിവാരണമുണ്ടാക്കണമെന്നാണ് ഞാൻ ആവശ്യപ്പെട്ടുന്നതു്. അതിനു ഗവണ്മെണ്ടിനു സാധിക്കുകയില്ലെങ്കിൽ ഞങ്ങളെ സംരക്ഷി ക്കുവാനുള്ള നിയമങ്ങൾ ഞങ്ങൾക്കുതന്നെ നടപ്പാക്കേണ്ടിവന്നേക്കാം. ഞങ്ങൾ മറ്റുള്ളവരു ടെ പിന്നാലെ ഓടിപ്പോകുന്നില്ല. ഞങ്ങൾ "ഇങ്കിലാബു് സിന്താബാദ്" വിളിച്ചു കുഴപ്പം ഉണ്ടാക്കുന്ന ആളുകളാണെന്നുള്ള തെറ്റിദ്ധാരണ നിങ്ങൾക്കുണ്ടാകരുതു്. ഞങ്ങൾ ഞങ്ങ ളുടെ കാര്യം പറയുകമാത്രമാണ് ചെയ്യുന്നതു്. ഞങ്ങൾ കമ്മ്യൂണിസ്റ്റുകാരാണ്, ഞങ്ങൾ മറ്റു വല്ല ഇസക്കാരുമാണ് എന്നു പെരുമ്പറയടിച്ചുകൊണ്ടു്. അതിന്റെ മറവിൽനിന്നു് ഞങ്ങളുടെ നേരെ മർദ്ദന നടപടികൾ എടുക്കാൻ പോകുകയാണെങ്കിൽ അതൊരിക്കലും ഞങ്ങൾ സമ്മതിച്ചുതരുകയില്ല. ഗവണ്മെണ്ടുമായി സഹകരിച്ചു മുമ്പോട്ട പോകാൻ രാജ്യ ത്തിന്റെ ഭാവി നിയന്ത്രിക്കുവാൻ, രാജ്യത്തിന്റെ ഭാവി നിശ്ചയിക്കുവാൻ, ഞങ്ങളുടെ സവ്വ കഴിവുകളും ഉപയോഗിയ്ക്കാൻ തയ്യാറാണു്. പക്ഷെ, അതേസമയത്തു് അനീതിയും അക്രമങ്ങളും നടക്കുകയാണെങ്കിൽ ഞങ്ങൾ അതു് ഒരിക്കലും സമ്മതിക്കുമെന്നു വിശ്വസി ക്കണ്ട. അതുകൊണ്ടു് അധഃകൃത മർദ്ദനങ്ങളെ ഇല്ലാതാക്കേണ്ട കാര്യത്തിൽ ഗവണ്മെണ്ടു ഒരു പദ്ധതി കൈക്കൊള്ളണം. അവരെ അക്രമങ്ങളിൽനിന്നു മോചിപ്പിയ്ക്കാൻ കാര്യക്ഷമ മായ നടപടികൾ ഗവണ്മെന്റെടുക്കണം. ഈ രാജ്യത്തു ഉത്തരവാദഭരണം വരാൻ പോകുന്നു. ഒരുപക്ഷെ, ആഗസ്റ്റു് ഫെബ്രുവരിക്കുള്ളിൽതന്നെ നമുക്കതു അനുഭവിയ്ക്കാൻ സാധിച്ചു എന്നു വരാം. അല്ലെങ്കിൽ അടുത്തഭാവിയിൽതന്നെ അതുണ്ടാകും. പരിപൂർണ്ണമായ ഉത്തരവാദ ഭരണമാണു് നമ്മുടെ ലക്ഷ്യമെന്നു എല്ലാവരും വിചാരിക്കുന്നുണ്ടെങ്കിൽ നിശ്ചയമായും ആ മാതിരിയുള്ള ഉത്തരവാദഭരണത്തിൻകീഴിൽ ഈ മാതിരിയുള്ള അനീതികളും നടക്കാൻ പാടില്ലെന്നാണു് ഞാൻ ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നതു്. ഇത്രമാത്രമേ എനിയ്ക്കു് ഇതിനെ സംബന്ധിച്ചു പറയുവാനുള്ളൂ.

മിസ്റ്റർ എം. ഐ. പോൾ: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിൻതാ ങ്ങുന്നു. അധഃകൃതമർദ്ദനങ്ങളെ സംബന്ധിച്ചു മിസ്റ്റർ കണ്ണൻ ഇവിടെ കാര്യമായി പറഞ്ഞു കഴിഞ്ഞു. ഈവക കേസുകളെ സംബന്ധിച്ചു പോലീസ്സ് അനുവർത്തിച്ചുവരുന്ന നയത്തെ പ്പറ്റി ഞാനും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. പോലീസ്സു സൈന്യം നീതിപരമായ രീതി യിൽ ഭരണം നയിച്ചുകൊണ്ടു പോകുന്നതിനു് ഒരു ഭരണകൂടത്തിനു അത്യാവശ്യമാണു്. പക്ഷെ, അവരിൽ ചിലർ കാട്ടിക്കൂട്ടുന്ന അനീതിപരമായ പ്രവർത്തികളെ സംബന്ധിച്ചു ന മുക്കു പ്രതിഷേധിക്കാതിരിയ്ക്കാൻ നിവർത്തിയില്ല. അവരിൽ മർദ്യാടക്കാരുണ്ടു്. പക്ഷെ, ചിലർ ഗവണ്മെണ്ടിന്റെ പ്രത്യക്ഷോപദേശംകൊണ്ടോ, അതോ അവക്കു ശമ്പളം കുറവായ തുകൊണ്ടു് ആ പോരായ്മയെ നികത്താൻ വേണ്ടിയോ എന്തോ, സാധുക്കളുടെയിടയിൽ പ്രത്യേകിച്ചു അധഃകൃതരുടെയിടയിൽ അവർ കാട്ടിക്കൂട്ടുന്ന വിക്രിയകൾ എന്തൊക്കെയാ ണെന്നു പറയാതിരിക്കുവാൻ നിവർത്തിയില്ല. അവരുടെ ശമ്പളത്തിന്റെ പോരായ്മയെ നികത്തുന്നതിനു പോലീസ്സു സ്റ്റേഷന്റെ അകത്തു സാധുക്കളെ കൊണ്ടുപോയി മർദ്ദിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. I. Paul]

അവരുടെ കയ്യിൽനിന്നു പണം വാങ്ങിയതായി പല ആവലാതികളും എന്റെ അടുക്കൽ തന്നെ വന്നിട്ടുണ്ട്. അങ്ങിനെയുള്ള കാര്യങ്ങളിൽ എന്തെങ്കിലും ഒരാക്ഷേപം ഗവൺമെണ്ടിന്റെ മുമ്പിൽ കൊണ്ടുവരുന്നപക്ഷം, പോലീസ്സ് കമ്മീഷണരുടെ അടുത്തുതന്നെ ആ ആക്ഷേപം ചെല്ലുന്നപക്ഷം, ആ ആക്ഷേപം അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥനായ ഡെപ്യൂട്ടി കമ്മീഷണക്കും, അവിടെനിന്നു ഡിവിഷൻ ഇൻസ്പെക്ടക്കും, അവിടെനിന്നു സബ്ബ് ഇൻസ്പെക്ടക്കും അന്വേഷണത്തിന്നയക്കും. ആ ഉദ്യോഗസ്ഥൻ ആവലാതിയെ സംബന്ധിച്ചു ചോദിക്കുന്നതിന്നു, ആ ആവലാതിക്കാരനെ സ്റ്റേഷന്റെ അകത്തേക്കു വിളിച്ചുകൊണ്ടുപോയി അവിടെവച്ചുതന്നെ അവരുടെ ഇഷ്ടാനുസരണം ആവലാതിക്കാരനേയും, സാക്ഷികളേയും ഭീഷണിപ്പെടുത്തി സ്റ്റേറ്റുമെൻറുകളും എടുക്കുകയാണു പതിവു്. കൊച്ചിരാജ്യത്തിലെ ഏതു പോലീസ്സു സ്റ്റേഷന്റെ അകത്തുവച്ചു ആരേയെങ്കിലും ഉപദ്രവിക്കുന്നപക്ഷം ആക്ഷം കാണാൻ സാദ്ധ്യമല്ല. അതുള്ള ഒളിവിലാണു് അതു നടത്തുന്നതു്. അതുകൊണ്ടു് ശരിയായി യാതൊരു തെളിവും പോലീസ്സു മർദ്ദനത്തെ സംബന്ധിച്ചു കൊടുക്കാൻ സാദ്ധ്യമല്ല. ഉദാഹരണമായി, ഒരു പോലീസധികാരിയുടെ പേരിൽ ഞാൻ നേരിട്ടു ചില ആക്ഷേപങ്ങളും കൊടുക്കുകയുണ്ടായി. ആ ആക്ഷേപങ്ങളും കൊടുക്കുവാനുള്ള കാരണം, ജനങ്ങളുടെയിടയിൽ അദ്ദേഹത്തെപ്പറ്റി പരാതിയുണ്ടാകുകയും, ആ പരാതികളും എന്റെ അടുക്കൽ വരുകയും, ഞാൻ അതിനെപ്പറ്റി എന്റെ സ്വന്തം നിലയിൽ അന്വേഷണം നടത്തുകയും ചെയ്തതുകൊണ്ടാണു്. പോലീസ്സ് കമ്മീഷണരുടെ അടുക്കലാണു് ആ ആക്ഷേപങ്ങളും കൊടുത്തതു്. അദ്ദേഹം അതു ഡിവിഷൻ ഇൻസ്പെക്ടക്ക അന്വേഷണത്തിന്നയച്ചു. അദ്ദേഹം എന്റെ അടുക്കൽ വന്നു അതിന്നു സാക്ഷികളെ തരണമെന്നു പറഞ്ഞു. ഞാൻ സാക്ഷിപട്ടിക തരുന്നപക്ഷം നിങ്ങളുടെ ഇഷ്ടാനുസരണം പോലീസ്സ്സ്റ്റേഷന്റെ അകത്തുവച്ചു് തെളിവുകളും എടുക്കാൻ പാടില്ല എന്നു പറഞ്ഞു. അപ്പോൾ ആ തരത്തിൽ ഒരു സ്റ്റേറ്റുമെൻറ് കൊടുക്കാൻ എന്നോടു പറഞ്ഞു. ഞാൻ അതു കൊടുത്തു. അദ്ദേഹം അതു പോലീസ്സ് കമ്മീഷണക്കയച്ചു. ഇങ്ങിനെ സ്വതന്ത്രമായി എങ്കപയറി നടത്തുന്നതിന്നു യാതൊരു സ്ഥാനവും കൊടുക്കാൻ പാടില്ലായെന്നുള്ളതാണു് അവരുടെ നില. എന്നാൽ ക്യാബിനറ്റിനു ഇതിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്നു കരുതി ഇതിനൊരു നിവർത്തിമാർഗ്ഗം ഉണ്ടാക്കിതരണമെന്നുപറഞ്ഞു ഞാൻ ക്യാബിനറ്റിലേക്കെഴുതി. ക്യാബിനറ്റിനു ഇതിനൊരു തീരുമാനവുമെടുക്കാൻ നിവർത്തിയില്ലായെന്നായിരുന്നു മറുപടി. നമ്മുടെ നിയമസഭയിൽ തന്നെ കഴിഞ്ഞ കൌൺസിലും, അതിനുമുമ്പും അനുദ്യോഗസ്ഥമെമ്പർമാർ ഇതിനെ സംബന്ധിച്ചു പല ചോദ്യങ്ങളും അയച്ചതിന്നു സകല ചോദ്യങ്ങൾക്കും ഗവൺമെണ്ടിന്റെ മറുപടി ഒരേ രീതിയിലായിരുന്നു. "An independent enquiry cannot be allowed. The matter has been entered into and it has been found to be false, untrue, baseless, groundless, etc." എന്നുള്ള മറുപടിയായിരുന്നു തന്നിട്ടുള്ളതു്. എന്നാൽ ഇപ്പോൾ മന്ത്രിസഭയിൽ ഇരിക്കുന്നവർ ഈ രീതിയിൽ മറുപടി പറയാനുള്ള കാരണമെന്താണെന്നു ആലോചിച്ചു. ഞാൻ ഇതിനൊരു പ്രതിവിധി കാണണമെന്നുദ്ദേശിച്ചു ചോദ്യംചെയ്തു. അന്നത്തെ ദിവാൻ ആയിരുന്ന സർ, ജി. ടി. ബോഗ് ഈ വിവരങ്ങളും എല്ലാം മനസ്സിലാക്കിയതിന്റെ ഫലമായി ആവലാതി തെളിയിക്കുന്നതിന്നു ആവലാതിക്കാരനു ശരിയായ അവസരം കൊടുക്കണമെന്നു അദ്ദേഹം ആജ്ഞാപിക്കുകയും ചെയ്തു. അതിന്നുശേഷം എന്റെ അനുഭവത്തിൽ അങ്ങിനെയുള്ള ഒരു എങ്കപയറി നടത്തിയിട്ടില്ലായെന്നു തുറന്നു പറയാതെ നിവർത്തിയില്ല. ഇങ്ങിനെയാണു് പോലീസിനെ സംബന്ധിച്ചു ആക്ഷേപം കൊടുത്താൽ ഉണ്ടാകുന്ന സ്ഥിതിയെന്നു ഞാൻ പറയുന്നു. ഒരു സാധുവിനു കോടതിയിൽ അന്യായംകൊടുത്തു സാക്ഷികളെ ഉണ്ടാക്കി അവക്കു പണം കൊടുത്തു നീതിന്യായം തേടുന്നതിന്നു സാദ്ധ്യമല്ല. സാധുക്കൾക്കു എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അതു് പോലീസ്സു കമ്മീഷണരുടെ അടുക്കൽ കൊടുക്കുവാനേ സാദ്ധ്യമാകയുള്ളു. കൂടിവന്നാൽ അതിന്നു വുണ.യുടെ സ്റ്റാമ്പു് ഒട്ടിക്കുകയേ വേണ്ടൂ. ഇങ്ങിനെ കിട്ടുന്ന കേസുകളെ സംബന്ധിച്ചു തക്കതായ നടപടിയെടുക്കേണ്ടതു അത്യാവശ്യമാണു്. കോടതിയിൽ നേരിട്ടു കേസുകൊടുത്താൽതന്നെ പോലീസ്സുകാരുടെ അക്രമങ്ങളെ സംബന്ധിച്ചു പോലീസ്സുകാക്കെതിരായ തെളിവു കൊടുക്കാൻ ആവലാതിക്കാരനു സാദ്ധ്യമല്ല. ആവലാതിക്കാരൻ സാക്ഷികളെ കൊടുത്താൽ ആ സാക്ഷികളെ പോലീസ്സു സ്റ്റേഷനകത്തു വിളിച്ചുവരുത്തി ഭീഷണികൊണ്ടും മറ്റും പേടിപ്പിച്ചു് അവക്കനുകൂലമായ സ്റ്റേറ്റുമെൻറുകളും വാങ്ങും. അതുകൊണ്ടു് ഇങ്ങിനെയുള്ള കാര്യങ്ങളിൽ യാതൊരു തെളിവുമി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതെ പോകും. ഒരു ക്യാബിനറ്റ് ഗവൺമെന്റ് ഇവിടെ സ്ഥിതിചെയ്യുന്നതുകൊണ്ട് ഇങ്ങിനെയുള്ള ആക്ഷേപങ്ങൾക്ക പരിഹാരമുണ്ടാക്കുന്നതിനു എന്തെങ്കിലും നടപടിയെടുക്കണം. ഇങ്ങിനെയുള്ള പോലീസുമർദ്ദനങ്ങൾ വല്ലിച്ചുവരുന്നപക്ഷം ജനങ്ങൾക്ക് സ്വാതന്ത്ര്യബോധം വർദ്ധിച്ചുവരുന്ന ഈ കാലത്ത് പോലീസ്സുകാരുമായി ഒരേറ്റമുട്ടലിനു ഇടവന്നേക്കാം. ഈയിടെയായി മിസ്റ്റർ കണ്ണൻ പറഞ്ഞമാതിരി; അധഃകൃതരെ പലതരത്തിലും അവർ മർദ്ദിക്കുന്നുണ്ട്.

റാവുസാഹിബ് കെ. അയ്യപ്പൻ: പോലീസ്സുകാരാണോ അധഃകൃതരെ മർദ്ദിക്കുന്നതു, അതോ, ജനങ്ങളാണോ ?

മിസ്റ്റർ എം. ഐ. പോൾ: ഇങ്ങിനെയുള്ള സംഗതികളിൽ നമ്മുടെ ഗവൺമെന്റ് കായ്മായ ശ്രദ്ധ ചെലുത്തണം ഇതിനു പരിഹാരമുണ്ടാക്കണം. ആവലാതിക്കാർക്ക സ്വതന്ത്രമായ തെളിവു കൊടുക്കുവാനുള്ള അവസരം കൊടുത്താൽ മതി. പോലീസ്സ് സ്റ്റേഷനിൽ അവരെ കൊണ്ടുപോയി അവരുടെ ഇഷ്ടാനുസരണം തെളിവെടുപ്പിക്കേണ്ട ആവശ്യമെന്താണ്? അതുകൊണ്ട് ഞാൻ ഗവൺമെന്റിനോട പറയുന്നതു് ഇങ്ങിനെയുള്ള ആക്ഷേപങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ എടുത്തു് പോലീസിന്റെ മർദ്ദനത്തെ ഇല്ലാതാക്കുവാൻവേണ്ടി പ്രയത്നിക്കണം എന്നാണു്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഈ കട്ട്മോഷനെ പിൻതാങ്ങുന്നു. എന്റെ മാന്യ സ്നേഹിതന്മാരായ രണ്ടുപേർ അധഃകൃത മർദ്ദനത്തെ സംബന്ധിച്ചും, പോലീസ്സ് ബാക്കിയുള്ളവരോട് ചെയ്യുന്ന മർദ്ദനത്തെ സംബന്ധിച്ചും ഇവിടെ പറഞ്ഞുകഴിഞ്ഞു. എന്തായിരിക്കും ഇതിനു ഗവൺമെന്റിൽനിന്നു മറുപടി പറയുവാൻ പോകുന്നതു് എന്നുള്ളതു കഴിഞ്ഞ ഖണ്ഡനോപക്ഷേപത്തിനു ബഹുമാനപ്പെട്ട ചീഫ് സിക്രട്ടറിൽനിന്നു കിട്ടിയ മറുപടിയിൽനിന്നും ഏതാണ്ട് ഊഹിക്കാൻ സാധിക്കും. അദ്ദേഹം പറയുകയുണ്ടായി, അധഃകൃതരെ മർദ്ദിക്കുകയാണെങ്കിൽ അതിനെ സംബന്ധിച്ചു് ആക്ഷേപം വരുമ്പോൾ തെളിവില്ലാത്തതുകൊണ്ട് കേസു ചാർജ്ജുചെയ്യുവാൻ സാധിക്കുന്നതല്ല; ചാർജ്ജു ചെയ്തുകഴിഞ്ഞാൽ തന്നെ ശിക്ഷിക്കുന്നതു വളരെ കുറച്ചു കേസുകൾ മാത്രമേയുള്ളു എന്നു്. പോലീസിൽ ചെന്ന മർദ്ദനമേറ്റ അധഃകൃതൻ സങ്കടം പറയാത്തതിന്റെ കാരണം, മർദ്ദനം ഏറ്റകഴിഞ്ഞാൽ എന്താണു ചെയ്യേണ്ടതു് എന്നു യാതൊരു വിവരവുമില്ലാത്തതു കൊണ്ടാണു്. അവർ വളരെയധികം സങ്കടങ്ങൾ സഹിച്ചിരിക്കുകയായിരുന്നു പതിവു്. പക്ഷെ, ഈയിടെയായി പുലയമഹാജനസഭയും, അതുപോലെയുള്ള മറ്റു സംഘടനകളും, അധഃകൃതരുടെ ഇടയിൽ പ്രവർത്തനം നടത്തിയതിന്റെ ഫലമായി ചില ആപത്തുകൾ വരുമ്പോൾ ചില മർദ്ദനങ്ങൾ ഏല്ക്കുമ്പോൾ അടുത്തുള്ള പോലീസ്സ്റ്റേഷനിൽ പോയി സങ്കടം പറയുക പതിവാണു്. അങ്ങിനെ പറയുമ്പോൾ പോലീസ്സ് സാക്ഷികളെ അന്വേഷിച്ചു് അതിനു തെളിവുണ്ടാക്കാൻ ശ്രമിക്കുന്നു. നിയമപരമായി നോക്കുകയാണെങ്കിൽ സാക്ഷികളെ കിട്ടാതെ കേസ്സ് ചാർജ്ജുചെയ്യുവാൻ പാടില്ല. ഇങ്ങിനെ വളരെ അധികം കേസുകൾ ചാർജ്ജുചെയ്യാതെ പോകുന്നുണ്ട്. മിനിഞ്ഞാന്നാൾ ഈ കൌൺസിലിൽ ഉണ്ടായ ചോദ്യോത്തരവേളയിൽ, ഏതൊരു സ്റ്റേഷനിൽ എത്ര കേസു ചാർജ്ജ് ചെയ്തിട്ടുണ്ടു്, എത്ര കേസു നടത്തീട്ടുണ്ടു്, എത്ര കേസു ശിക്ഷിച്ചിട്ടുണ്ടു് എന്നുള്ള വിവരം ഇവിടെ പറയുകയുണ്ടായി. ഫൈവ കേസു ചാർജ്ജു ചെയ്ത എങ്കിലും ഒരു കേസുമാത്രമെ ശിക്ഷിച്ചിട്ടുള്ളു എന്നാണു് അന്നുണ്ടായ ചോദ്യോത്തരങ്ങളിൽനിന്നു മനസ്സിലായതു്. ഫൈവ കേസ് ചാർജ്ജു ചെയ്യണമെന്നുണ്ടെങ്കിൽ, വളരെ അധികം മർദ്ദനങ്ങൾ അധഃകൃതർ അനുഭവിച്ചിട്ടുണ്ടായിരിക്കണം. ഫൈവ കേസ്സുകൾ സ്റ്റേഷനിൽ ചെന്നിട്ടുണ്ടെങ്കിൽ ചുരുങ്ങിയതു ഫൈവ കേസുകളെങ്കിലും പഠിത്ത വരാതെയുണ്ടാകും. അങ്ങിനെയുള്ള ഫൈവ കേസ്സുകളിൽ ഒന്നുമാത്രമാണു് ശിക്ഷിക്കുവാൻ സാധിച്ചിട്ടുള്ളതു്. കാരണം ചീഫ് സിക്രട്ടറിയിൽനിന്നു തന്നെ നമുക്കു മനസ്സിലാക്കുവാൻ സാധിച്ചു. സാക്ഷികളെ കിട്ടാനില്ല ഡാക്ടർ സർട്ടിഫിക്കറ്റു കിട്ടുന്നില്ല എന്നെല്ലാം അദ്ദേഹം പറഞ്ഞു. ഡാക്ടരുടെ സർട്ടിഫിക്കറ്റു വാങ്ങിക്കുക എന്നുള്ളതു് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണു്. സർട്ടിഫിക്കറ്റു കിട്ടണമെങ്കിൽ ഡാക്ടർക്ക് ഫീസ്സുകൊടുക്കണം. അധഃകൃതർക്ക ഫീസ്സുകൊടുത്തു സർട്ടിഫിക്കറ്റു വാങ്ങാൻ കെൽപ്പുണ്ടാവുകയില്ല. അതുകൊണ്ടു് അവർക്ക സർട്ടിഫിക്കറ്റു കിട്ടാൻ പ്രയാസമാണു്. അതുപോലെതന്നെ ഒരു ആക്ഷേപം വരുകയാണെങ്കിൽ അതിനെപ്പറ്റി അന്വേഷണം നടത്തി കേസ്സു ചാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

ജ്ജുചെയ്യുക എന്നുള്ളതു് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണു്. പോലീസിനെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ല കേസ്സു അവക്കു ചാജ്ജുചെയ്യുവാൻ സാധിച്ചാൽ അതുകൊണ്ടു് അവക്കു വളരെ ഗുണമുണ്ടാകും. നേരെ മറിച്ചു അധ:കൃതരുടെ കേസ്സുകൾ ചാജ്ജുചെയ്യുന്നതിനു സാക്ഷികളെ ശരിയാക്കി കോടതിയിൽ കൊണ്ടുപോവുക എന്നുള്ളതു് സാരമേറിയ ഒരു കാര്യമാണു്. ഇതുകൊണ്ടു് അവക്കു പ്രത്യേക ഒരു സമ്മാനവും കിട്ടുകയില്ല. ഇത്തരത്തിലുള്ള കേസ്സുകൾ ഏതാണ്ടു് എട്ടുമാസംവരെ നീണ്ടുനില്ക്കുകയും ചെയ്യും. അതിനും പുറമെ നിർഭാഗ്യവശാൽ ശിക്ഷിച്ചാൽ അതിനു അപ്പീൽപോകും. അതിന്റെ പിന്നാലെയും പോലീസ്സുകാർ നടക്കണം. കോടതിയിൽ ശരിയായ തെളിവു കൊടുക്കാതെ മജിസ്ട്രേട്ടു് ശിക്ഷിക്കുന്നതല്ല. പോലീസുകാർ കൊണ്ടുചെല്ലുന്ന സാക്ഷികളാണെങ്കിൽ ഓരോരുത്തർ ഓരോവിധത്തിൽ പറയും. വക്കീൽമുഖാന്തിരം നടത്തുന്ന കേസ്സുകളിലെ സാക്ഷികൾ ഒരേവിധത്തിലെ പറയുകയുള്ളു. ഇങ്ങിനെ നോക്കുമ്പോൾ സാക്ഷികളെല്ലാവരും ഒരുപോലെ പറഞ്ഞില്ലായെന്ന കാരണത്തിന്മേൽ കേസ്സു വിട്ടുപോകും. ആക്ഷേപത്തിലെ കാര്യങ്ങളെപ്പറ്റി പോലീസിനു നല്ല നിശ്ചയമുണ്ടാകും. പക്ഷെ, അതു തെളിയിക്കാൻ നിവൃത്തിയില്ല. അങ്ങിനെ അവക്കു നിശ്ചയമുള്ള കേസാണെങ്കിലും സാക്ഷികളുടെ കുറവുകൊണ്ടു് അതു ശിക്ഷിക്കാൻ സാധിക്കാതെ വരുന്നു. പക്ഷെ, എനിക്കു ഗവൺമെണ്ടിനോടു ചേടിക്കാനുള്ളതു്, വേറെ ചില കേസ്സുകൾ ഏതൊരു സാക്ഷിയുമില്ലാതെ പോലീസുകാർ നടത്തുകയും, അതു ശിക്ഷിക്കുകയും ചെയ്യുന്നില്ലേയെന്നാണു്. അന്യായക്കാരനെമാത്രം വിശ്വസിച്ചുകൊണ്ടു് ശിക്ഷിച്ചിട്ടുള്ള പലകേസുകളും കൊച്ചിരാജ്യത്തുണ്ടു്. അതുപോലെ വളരെ ആത്മാർത്ഥതയോടുകൂടി ധാരാളം പണംചിലവുചെയ്തു് ഇത്തരം കേസുകൾ നടത്തേണ്ടതു പോലീസ്സിന്റെ ചുമതലയാണു്. പോലീസിനു ഇങ്ങിനെയുള്ള കേസുകൾ നടത്തുന്നതിനു പണമില്ലെങ്കിൽ ആരും അറിയാത്ത ചില ഫണ്ടു്, അതായതു് സീക്രറ്റ് സർവ്വീസ് ഫണ്ടു് ആ ഡിപ്പാർട്ടുമെണ്ടിലുണ്ടു്. അതിൽനിന്നു പണമെടുത്തു് അധ:കൃതരുടെ കേസ്സുകൾ നടത്തി അവർ ഇന്നനുഭവിക്കുന്ന അവശതകൾക്കു് ഒരു പരിഹാരമുണ്ടാക്കാൻ ചിലവഴിച്ചുകൂടെ? അതൊന്നും കൂടാതെ അധ:കൃതർ മെഡിക്കൽ സർട്ടിഫിക്കറ്റ് കൊണ്ടുവന്നില്ല, സാക്ഷികൾ ഉണ്ടായിരുന്നില്ല എന്നെല്ലാം പറഞ്ഞു അവരുടെ ആക്ഷേപങ്ങൾക്കു് പരിഹാരമുണ്ടാക്കാൻ ഓരോ ഒഴിവുകഴിവു പറഞ്ഞു മടിക്കുകയാണെങ്കിൽ അധ:കൃത മർദ്ദനങ്ങൾ ഇനിയും ഇവിടെ ഉണ്ടാകും. ഇനിയും ഇതിനു കാര്യമായ വിധത്തിൽ പല പ്രശ്നങ്ങളേയും നേരിടേണ്ടതുണ്ടു്. അതുകൊണ്ടു് ഗവൺമെണ്ടു തീച്ചയായും അധ:കൃതമർദ്ദനത്തിൽ ഇടപെട്ടു് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടതകൾക്കു ഒരു പരിഹാരമുണ്ടാക്കാൻ ശ്രമിക്കണം. പോലീസ്സു് പ്രത്യേകിച്ചു് ആത്മാർത്ഥതയോടുകൂടി ഈവക കേസുകൾ നടത്തണം. എന്നാൽ മാത്രമെ ഇങ്ങിനെയുള്ള പ്രശ്നങ്ങൾക്കു് ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളു എന്നാണു് എന്റെ പൂർണ്ണമായ ബോദ്ധ്യം. ഇത്രയും പറഞ്ഞകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

റാവുസാഹിബു് കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ കണ്ണൻ തന്റെ ഉപക്ഷേപത്തെക്കുറിച്ചു പറയുമ്പോൾ പൊതുമരാമത്തുമന്ത്രിയുടെ ശ്രദ്ധ ഈ സംഗതിയിൽ പെടുകയുണ്ടായി. ഗവൺമെണ്ടു് അധ:കൃതരുടെ കാര്യത്തിൽ വളരെ താല്പര്യം കാണിക്കുന്നുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർതന്നെ സംസ്കരിക്കുകയുണ്ടായി. അവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും, അവരുടെ അവശതകൾ പരിഹരിക്കുന്നതിനുംവേണ്ടി പലതും ഗവൺമെണ്ടു ചെയ്തുണ്ടു്. പിന്നെ അധ:കൃതരെ മർദ്ദിക്കുന്നകാര്യത്തിലും മറ്റും ഗവൺമെണ്ടു് നടപടികളെടുക്കണമെന്നു പറഞ്ഞു. ഗവൺമെണ്ടു് എടുക്കേണ്ട നടപടികളേയും, അതിന്റെ സമ്പ്രദായത്തേയും മുഴുവൻ ആലോചിക്കാതെയാണു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെന്നു തോന്നുന്നു. ഗവൺമെണ്ടു് എന്നു പറയുന്നതു് അങ്ങോട്ടുമിങ്ങോട്ടും നടന്നു പോകാവുന്ന ഒരാളൊ മറ്റൊ അല്ല. മർദ്ദനങ്ങൾ നടക്കുന്ന സ്ഥലത്തു് ഗവൺമെണ്ടിനു ചെല്ലാൻ സാധിക്കുമൊ? ഇത്തരം മർദ്ദനങ്ങൾ നടക്കാതിരിക്കാൻ വേണ്ടതക്ക നിർദ്ദേശങ്ങൾ കൊടുക്കണമെന്നു പറഞ്ഞാൽ അതു് ഗവൺമെണ്ടിനെക്കൊണ്ടു് സാധിക്കുന്നതാണു്. അതനുസരിച്ചു് ഗവൺമെണ്ടിൽനിന്നു് പോലീസ്സിനും, പോലീസ് കമ്മീഷണർക്കും നിർദ്ദേശങ്ങൾ കൊടുത്തിട്ടുമുണ്ടു്. പിന്നെ മർദ്ദിക്കുന്നവരെ ശിക്ഷിക്കണമെന്നു പറഞ്ഞാൽ അതും വിചാരിച്ചാലും അതു് ശിക്ഷാനിയമപ്രകാരമല്ലാതെ നിവൃത്തിയുണ്ടോ?

മിസ്റ്റർ കെ. കെ. കണ്ണൻ: ശരിക്കു് അന്വേഷണം നടത്താൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ് കെ. അയ്യപ്പൻ: അന്വേഷണം നടത്താതിരുന്നില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അധികാരപ്പെട്ട പോലീസുദ്യോഗസ്ഥന്മാർ തക്ക നടപടികൾ എടുക്കണമെന്ന നിർദ്ദേശങ്ങൾ കൊടുക്കുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: പോലീസ് ഡിപ്പാർട്ടുമെണ്ടിലേക്ക് ഉത്തരവു കൊടുത്തിട്ടുണ്ട്. അതുപോലെ നടപ്പിൽവരുത്തുന്നതിനും ചില നടപടികൾ ഉണ്ട്. ഒരു പോലീസുകാരൻ ഗവൺമെണ്ടിന്റെ നിർദ്ദേശങ്ങൾ കേട്ടില്ല എന്നു വെയ്ക്കുക; എന്നാൽ ആ പോലീസുകാരന്റെ പേരിൽ നടപടി എടുക്കണമെങ്കിൽ ക്രമപ്രകാരമുള്ള അറിവ് ഗവൺമെണ്ടിനു കിട്ടണം.

മിസ്റ്റർ കെ. കെ. കണ്ണൻ: അങ്ങിനെ ആക്ഷേപം കിട്ടിയിട്ടില്ലെ?

റാവുസാഹിബ് കെ. അയ്യപ്പൻ: അങ്ങിനെ ആക്ഷേപം കിട്ടിയതു് അടിസ്ഥാനരഹിതമാണോ എന്നു് പരിശോധിക്കേണ്ടിവരും. ചിലപ്പോൾ അധ:കൃതമർദ്ദനം നേരിട്ട് പോലീസിന്റെ ദൃഷ്ടിയിൽ പെടാതെ പോയി എന്നുംവരും. ദൃഷ്ടിയിൽ പെട്ടാൽതന്നെ ചില പോലീസുകാർ ഗൌനിച്ചില്ലെന്നുവരും. ശരിയായ നടപടിപ്രകാരമല്ലാതെ ഗവൺമെണ്ടിനു് ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: കോർട്ടിൽ കേസ്സു ഇടക്കുംവച്ചു് തമ്മിൽതീരുന്നതും വിഷമമല്ലെ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഞാൻ പറയാൻ പോകുന്നതു് അതാണു്. കേസ്സു് എടുത്തു വരുമ്പോൾ രണ്ടുകക്ഷികളും കൂടി ഒത്തുതീരുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: ഗവൺമെണ്ടിനുവേണ്ടി മറുപടി പറയുകയാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതെ, ഗവൺമെണ്ടിന്റെ മറുപടിയായിത്തന്നെ ഞാൻ പറയുന്നു. ഇതിനെ സംബന്ധിച്ചു് ആക്ഷേപങ്ങൾ സാമുദായികമായ സഭകളിലേക്കു് കിട്ടുന്നുണ്ടെന്നു് മിസ്റ്റർ കണ്ണൻ തന്നെ പറയുകയുണ്ടായി. ആ അധ:കൃതസംഘടനകൾ തന്നെ ഈ കാര്യത്തിൽ ഗവൺമെണ്ടിനോടു് സഹകരിച്ചു് വേണ്ടതൊക്കെ ചെയ്യണം. ഒന്നാമതായിത്തന്നെ ഇത്തരം സംഭവങ്ങളെപ്പറ്റി പോലീസിനു് തക്കസമയത്തു് അറിവുകൊടുക്കണം. സാധുക്കളായ അധ:കൃതർക്കു് അതു് സാധിച്ചു എന്നുവരികയില്ല. അതുകൊണ്ടു് ഓരോ സ്ഥലത്തേയും സഭകളും ആ സഭയിലെ അധ:കൃതരിൽപ്പെട്ട പ്രധാനികളും വേണ്ടതു ചെയ്യണം. ഇതെല്ലാം ചെയ്താലും എല്ലാകേസ്സുകളും അതു് അധ:കൃതരുടെ മാത്രമല്ല, മറ്റുള്ളവരെല്ലാവരുടേയും എല്ലാകേസ്സുകളിലേയും അന്വേഷണം ശരിക്കു് നടന്നു എന്നു വരികയില്ല. അന്വേഷണം നടന്നാൽതന്നെ കുറെക്കാലം ശിക്ഷിക്കപ്പെട്ടു എന്നു് വരികയില്ല. പക്ഷെ എനിക്കു് ബഹുമാനപ്പെട്ട നിയമസഭയോടു് പറയാനുള്ളതു് ഈ കാര്യത്തിൽ എല്ലാ ആളുകളും കൂടി സഹകരിക്കുകയാണെങ്കിൽ കുറെകേസ്സുകളെങ്കിലും ശരിക്കു് നടത്താൻസാധിക്കും. എല്ലാം ശിക്ഷിക്കപ്പെട്ടില്ലെങ്കിലും കേസിനുവേണ്ടി കുറെ ചാലു് കോടതിക്കും മറവും നടന്നു് കഷ്ടപ്പെടുവാൻ ഇടവന്നാൽതന്നെ അധ:കൃതമർദ്ദനം ഇല്ലാതെയാക്കാൻ സാധിക്കും. നാലു് ചാലു് കോടതിയിലേക്കും, പോലിസിന്റെ പിന്നാലെയും നടക്കുവാൻ ഇടവന്നാൽതന്നെ ഇതൊക്കെ കുറെ കുറയും. അതുകൊണ്ടു് കേസ്സു് വെറുതെ വിട്ടുപോയി എന്നുവെച്ചു് നിഷ്പ്രയോജനമായി എന്നു വിചാരിക്കണ്ട. ചിലകേസ്സുകൾ ശിക്ഷിക്കപ്പെടും. ചിലകേസ്സുകൾ തള്ളിപ്പോകും. ഇതൊന്നും ശരിക്കു് നടപടി നടത്താത്ത കുറവല്ല. എനിക്കു് ചില ഹജ്ജികൾ വരുകയുണ്ടായി. ഞാൻ അതു് പോലീസ് കമ്മീഷണർക്കു് അയച്ചുകൊടുക്കുകയാണുണ്ടായതു്. അതിൽ തന്റെ സ്വന്തനിലക്കും കൂടി പ്രത്യേകമായിവേണ്ടതു് ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹം അതനുസരിച്ചു് പ്രവർത്തിക്കുന്നുണ്ടെന്നു് അറിയുന്നുണ്ടു്. കേസ്സിന്റെ സ്ഥിതികളെല്ലാം കഴിഞ്ഞതിന്റെ ശേഷം മിക്കവാറും അറിയിക്കുന്നുണ്ടു്. ആരുവിചാരിച്ചാലും, സാധിക്കാത്തവിധം കേസ്സുകൾ നടന്നുകൊണ്ടിരിക്കുന്നതിനിടക്കു് രണ്ടുകൂട്ടരും ഒത്തുതീർന്നു് കേസ്സു് പിൻവലിക്കേണ്ടതായി വരുന്നുണ്ടു്. ഞാൻ അധ:കൃതരെ കുറ്റം പറയുകയല്ല. അവരുടെ നിസ്സഹായമായ നിലയും ദാരിദ്ര്യസ്ഥിതിയുമായിരിക്കും അതിനു കാരണം. ഗവൺമെണ്ടു് ഇക്കാര്യത്തിൽ വീണ്ടും വീണ്ടും പോലീസ്സിനു് കർശനമായ നിർദ്ദേശങ്ങൾ കൊടുക്കണമെന്നു പറഞ്ഞാൽ ചെയ്യാൻ തയ്യാറാണു്. അതിൽ കൂടുതലായിട്ടുള്ളതു് ചെയ്യാൻ പറഞ്ഞാൽ ഗവൺമെണ്ടു് വിഷമിക്കുകയേയുള്ളു. അധ:കൃതമർദ്ദ

LIBRARY ARCHIVES Kerala Legislative Assembly

[Rao Sahib K. Ayyappan]
നത്തിന്നു് ശമനമില്ല എന്നു് പറഞ്ഞാൽ അതു് സമ്മതിക്കാൻ നിവൃത്തിയില്ല. ശമിച്ചു വരുകയാണു്. മിസ്റ്റർ കണ്ണൻ പലമർദ്ദനങ്ങളും ശിക്ഷിക്കപ്പെടാതെ പോയിട്ടുള്ള സങ്കടം കൊണ്ടു് പറയുന്നതായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ ഗവമ്മെണ്ടിനെകൊണ്ടു് കഴിയുന്നതും ഗവമ്മെണ്ടു് ചെയ്യുന്നുണ്ടു്. അതിൽക്കൂടുതൽ പ്രവർത്തിക്കാൻ ഗവമ്മെണ്ടിനുള്ള വിഷമം ധരിക്കണം. അദ്ദേഹം പറയുന്നതു് അനാവശ്യമാണെന്നൊ ഇല്ലാത്തതാണെന്നൊ ഗവമ്മെണ്ടിനു ബോദ്ധ്യമില്ല. ബഹുമാനപ്പെട്ട മെമ്പർ ഈ കാര്യത്തിൽ സമുദായ സംഘടനയോടും മറ്റും ആവശ്യപ്പെട്ടിട്ടുള്ളപ്രകാരം അവരുടെ സഹകരണം കൂടുതലായി ഉണ്ടാവുകയാണെങ്കിൽ ഇതിനൊക്കെ സമാധാനമുണ്ടാകുമെന്നാണു് സ്വന്തനിലയ്ക്കു് ഒരു അധ്യക്ഷന്റെ നിലയിൽ നിന്നുകൊണ്ടു കൂടി എനിക്കു് പറയുവാനുള്ളതു്. ഇതൊന്നുമറിയാത്ത ഒരാളുടെ നിലക്കു് പറയുന്നതല്ല. കേസ്സു് തമ്മിൽ തീരുന്നതും മറ്റും അധ്യക്ഷതരുടെ നിസ്സഹായത കൊണ്ടായിരിക്കും. ഏതായാലും ഇതിനെ സംബന്ധിച്ചു, ഇത്രമാത്രമേ ഇപ്പോൾ പറയാനുള്ളു.

മിസ്റ്റർ എം. ഐ. പോൾ: പോലീസ്സിന്റെ കുറ്റങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തണമെന്നു പറഞ്ഞു. അതു് പെടുത്തിയാൽ ഏതു് രീതിയിലാണു് ഗവമ്മെണ്ടു് അന്വേഷണം നടത്തുക?

റാവുസാഹിബ്ബു് എ. മാധവപ്രഭു: അതിനൊക്കെ ചില rules ഉണ്ടു്. അതനുസരിച്ചു അന്വേഷണം നടത്തും.

മിസ്റ്റർ പോൾ പി. മാമ്പിള്ളി: ഉദ്യോഗസ്ഥന്മാർ എന്തെങ്കിലും നടപടിക്കുറ്റം ചെയ്താൽ അവരുടെ പേരിൽ നടപടി നടത്തുവാനായി കൊച്ചിൻ പോലീസ്സു് മാന്വൽ ഒന്നാം വാള്യം 98 മുതൽ 200 വരെ വകുപ്പുകളിൽ നിബന്ധനകളുണ്ടു്. അതനുസരിച്ചുള്ള നടപടികളെടുക്കും.

മിസ്റ്റർ കെ. കെ. കണ്ണൻ: എനിക്കു് ഇതിനെക്കുറിച്ചു അധികമൊന്നും ഇനി സംസാരിക്കാനില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെ ശ്രദ്ധിക്കുന്നതാണെന്നും ഉദ്ദേശ്യമായ നടപടികൾ എടുക്കുന്നതിനു് മടിക്കുകയില്ലെന്നും പറഞ്ഞതുകൊണ്ടു് ഇതിനെക്കുറിച്ചു ഞാൻ ഇനി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, with drawn.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I wish to place before the Chair, Sir, a request that I may be allowed to move this motion.

Deputy President: I would like to know whether the Hon'ble Member has got the authority.

Mr. P. Kumaran Ezhuthassan (*Vadakkancheri*): I have not got the authority. In that case I would naturally have been called for. I request the discretion of the Chair may be used because of the importance of the point raised and the unavoidable absence of the Hon'ble Member who has tabled the cut.

Deputy President: I think it is not proper.

(iv) Village Vigilance Committees—Representation to Depressed classes

മിസ്റ്റർ കെ. കെ. കണ്ണൻ: "To reduce the allotment of Rs. 16,73,466 for Police in Demand No. 22 by Re. 1. (The necessity for giving representation for the Depressed classes in Village Vigilance Committees)" വില്ലേജ് വിജിലൻസ് കമ്മിറ്റികൾ എല്ലാ വില്ലേജുകളിലും ഉണ്ടെങ്കിലും അധ്യക്ഷതരാരേയും ആ കമ്മിറ്റികളിൽ ഏതിലെങ്കിലും നിയമിച്ചിട്ടുള്ളതായി അറിയുന്നില്ല. ഈ കമ്മിറ്റികളിൽ അധ്യക്ഷതക്കു കൂടി പ്രാതിനിദ്ധ്യം കൊടുക്കുകയാണെങ്കിൽ ഞാൻ മുമ്പു് പറഞ്ഞതുപോലെയുള്ള മർദ്ദന കേസ്സുകളെ സംബന്ധിച്ചു വിവരങ്ങൾ ശേഖരിച്ചു് പോലീസ്സിനു് അറിവു കൊടുക്കുന്നതിനും, പോലീസ്സിനെ കാര്യമായി സഹായിക്കുന്നതിനും സാധിക്കും. കമ്മിറ്റിയിൽ അധ്യക്ഷതരുള്ളതുകൊണ്ടു അധ്യക്ഷതരുടെ കാര്യം മാത്രം നോക്കണമെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly